ജീവിതയാത്രക്കാരാ കാലടികൾ എങ്ങോട്ട്?

നാശത്തിൻ പാതയോ ജീവൻറെ  മാർഗ്ഗമോ

ലക്ഷ്യം നിൻ മുൻപിലെന്ത്? –2 ജീവിതയാത്ര....

അൻപിൻ രൂപി യേശുനാഥൻ നിന്നെ വിളിക്കുന്നില്ലേ?

പോകല്ലേ നീ അന്ധനായി ലോകസൗഭാഗ്യം തേടി

പൊന്നിൻ ചിറകു നിനക്കുമീതെ

കർത്തൻ വിരിച്ചതു കാണുന്നില്ലേ? –2

സൂര്യനിൻ താപമോ, ഘോരമാം മാരിയോ

നിന്നെ അലട്ടായെൻ പൊൻമകനേ ജീവിതയാത്ര...

വൈഷമ്യമാം  മേടുകളെ എങ്ങനെ നീ കടക്കും?

എങ്ങനെ നീ യോർദ്ദാനിൻറെ  അക്കരെ ചെന്നുചേരും?

നിൻ തോണിയിൽ കർത്തനേശുവുണ്ടോ?

നിൻനാവിൽ പ്രാർത്ഥനാഗാനമുണ്ടോ? –2

പുത്തൻ ഗാനാലാപം പാടി സ്തുതിച്ചീടാൻ

ഹൃത്തടേ സ്വർഗ്ഗീയ ശാന്തിയുണ്ടോ? ജീവിതയാത്ര....

വിശ്വാസത്തിൻ തോണിയതിൽ പോകുന്ന യാത്രക്കാരാ

പാറക്കെട്ടിൽ തട്ടാതെ നീ  അക്കരെ ചെന്നീടുമോ?

ഓളങ്ങളേറുന്ന സാഗരത്തിൽ

ജീവിതത്തോണിയുലഞ്ഞീടുമ്പോൾ –2

ആരുണ്ട് രക്ഷിപ്പാൻ? ആരുണ്ട്  കാക്കുവാൻ?

നിന്നെ സ്നേഹിക്കുന്നോരേശുമാത്രം ജീവിതയാത്ര....

സ്വർഗ്ഗപുരേ കേൾക്കുന്നില്ലേ സീയോനിൽ ഗാനശബ്ദം?

വേണ്ടായോ നിൻ സ്വന്തമായി സ്വർഗ്ഗീയ സന്തോഷങ്ങൾ?

വാനത്തേരിൽ  മേഘാത്രൂഢനായി

വേഗം വരുന്നേശു രാജനവൻ –2

ചേർക്കുവാൻ നിന്നേയും ശുദ്ധാരിൻ സംഘത്തിൽ

കണ്ണീരില്ലാ സ്വർഗ്ഗവാസമതിൽ                                        ജീവിതയാത്ര

Jeevithayathrakkara kaladikal engott

nasathin pathayo jeevante  margamo

lakshyam nin munpilenth

jeevithayathra….

anpin roopi yeshunathan ninne vilikkunnille

pokalle nee andhanayi lokasaubhagyam thedi

ponnin chiraku ninakkumeethe

karthan virichathu kanunnille

sooryanin thapamo ghoramam maariyo

ninne alattayen ponmakane

jeevithayaathra…

vaishamyamam  medukale engane nee kadakkum

engane nee yordaninte  akkare chennucherum

nin thoniyil karthaneshuvundo

nin naavil prarthanaganamundo

puthan gana lapam paadi sthuthi cheedan

hrthate swarggeeya santhiyundo

jeevithayaathra….

visvasathin thoniyathil pokunna yathrakkara

parakkettil thattathe nee  akkare chennedumo

olangalerunna sagarathil

jeevitha thoniyulanjeedumbol

aarundu rakshippan aarundu  kakkuvan

ninne snehikkunnoreshumathram

jeevithayathra....

swarggapure kelkkunnille seeyonil ganashabdam

ventaayo nin swanthamayi swarggeeya santhoshangal

vanatheril  megharoodhanaayi

vegam varunneshu rajanavan

cherkkuvan ninneyum sudharin samghathil

kannerilla swarggavasamathil

jeevithayathra...